321 (1513) ഭൂ നികുതി കുടിശ്ശിക

പ്രൊഫ. മീനാക്ഷി തമ്പാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ചെങ്ങഴശ്ശേരി (തൈക്കാട്) വില്ലേജിൽ 1993-94 മുതൽ 1998-99 വരെ മൊത്തം ഭൂ നികുതി കുടിശ്ശിക 1.7.1999-ൽ എത്ര വീതം ആയിരുന്നുവെന്നും അതിൽ എന്തു തുക വീതം നാളിതുവരെ പിരിച്ച് എടുത്തു എന്നും വെളിപ്പെടുത്തുമോ;

(ബി) പ്രസ്തുത തുക ഈടാക്കിയതിൽ ഓരോ വർഷത്തേയും കുടിശ്ശികയും അതിന്റെ പലിശയും എത്ര വീതം;

(സി) മുമ്പ് ഭൂ നികുതി അടച്ചതിന്റെ രസീത് ഹാജരാക്കാത്തതിനാൽ ഭൂ നികുതി സ്വീകരിക്കാൻ നിയമതടസ്സമുണ്ടോ;

(ഡി) വസ്തുവിന്റെ സർവ്വേ നമ്പർ ഹാജരാക്കി നൽകുന്നതിന് സംവിധാനം നിലവിലുണ്ടോ;

(ഇ) എങ്കിൽ ചെങ്ങഴശ്ശേരി വില്ലേജിലെ സർവ്വേ നമ്പർ 87/4-ന്റെ ഭൂ നികുതി കുടിശ്ശിക എത്ര; വിശദാംശം വ്യക്തമാക്കുമോ?

ഉത്തരം

(എ)

93-94	38117.86 രൂപ
94-95	26874.60 രൂപ
95-96	19385.60 രൂപ
96-97	10436.20 രൂപ
97-98	9925.60 രൂപ
98-99	103315.00 രൂപ

1.7.99-ൽ കുടിശ്ശിക 59584.00 രൂപ

പിരിവുവിവരം

93-94	24877.30 രൂപ
94-95	18317.60 രൂപ
95-96	13250.00 രൂപ
96-97	8418.00 രൂപ
97-98	7329.00 രൂപ
98-99	67428.00 രൂപ

(ബി) 1.7.99 മുതൽ 31.11.99 വരെ കുടിശ്ശിക പിരിവ് - 46124.00 രൂപ. പലിശ പിരിവില്ല.

(സി) നിയമ തടസ്സമില്ല.

(ഡി) നിലവിലില്ല.

(ഇ) സർവ്വേ നമ്പർ 87/4-ന്റെ കൈവശാവകാശിയേയും കൈവശവ സ്തുവിന്റെ വിസ്തീർണ്ണവും അറിഞ്ഞാൽ മാത്രമേ കുടിശ്ശിക എത്രയെന്ന് കണ്ടുപിടിക്കാൻ സാധിക്കുകയുള്ളൂ.

LIBRARY ARCHIVES Kerala Legislative Assembly